പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2661 18.08.2017 - ൽ മറുപടിക്ക്

## പ്ലാസ്റ്റിക്ക് ഉപയോഗിച്ച് റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ; | (എ) ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്ക് ശുദ്ധീകരിച്ച് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നതു സംബന്ധിച്ചുള്ള വിവിധ പഠനങ്ങൾ നടത്തുകയും ആയത് റോഡ് നിർമ്മിക്കുവാൻ യോഗ്യമാണെന്ന് കണ്ടെത്തിയതിനാൽ MORTH SPECIFICATION - ൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നു. ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്ക് ശുദ്ധീകരിച്ച് നിർമ്മാണത്തിന് ഉപയോഗിക്കുന്നതു കൊണ്ട് പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുവാനും പ്ലാസ്റ്റിക്ക് മൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹാരം കാണുവാനും സാധിക്കുന്നതാണ്. |

പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നതിന് അനുപാതികമായി നിശ്ചിത അളവിൽ ബിറ്റുമിൻ ലാഭിക്കുവാനും സാധിക്കുന്നു.

(ബി) ഈ വിധത്തിൽ റോഡ് നിർമ്മിക്കുന്നതിനുള്ള പ്ലാസ്റ്റിക്ക് ശേഖരിക്കാൻ വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തി-യിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) നിലവിൽ (ശുദ്ധീകരിച്ച ഷ്രെഡഡ് പ്ലാസ്റ്റിക്ക്) ക്ലീൻ കേരള ലിമിറ്റഡ് കമ്പനിയാണ് പൊതുമരാമത്ത് വകുപ്പിന് ലഭ്യമാക്കുന്നത്. ഇത് ആവശ്യത്തിന് ഇപ്പോൾ ലഭ്യമാകാത്ത സാഹചര്യവുമുണ്ട്.

സെക്ഷൻ ഓഫീസർ